(എ) ഗ്രാമപ്രദേശങ്ങളിൽ വരുന്ന വേനൽക്കാലത്ത് ജലലഭ്യത ഉറപ്പുവരുത്തുന്നതിന് ഗ്രാമപഞ്ചായത്തുകളിൽ നിലവിലുള്ള പൊതുകുളങ്ങൾ, പൊതുകിണറുകൾ തുടങ്ങിയവ അറ്റകുറ്റപണികൾ നടത്തിയിട്ടുണ്ട്. വാഹനങ്ങളിൽ വെള്ളം വിതരണം ചെയ്യാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി മുഖേന വേനൽക്കാലത്ത് ജലലഭ്യത ഉറപ്പുവരുത്തുന്നതിന് തടയണ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തോടുകളും കുളങ്ങളും ആഴം കൂട്ടുകയും പൊതുകിണറുകൾ റിപ്പയർ ചെയ്ത് ഉപയോഗയോഗ്യമാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി മുഖേന അധിക മഴവെള്ളം ശേഖരിക്കുന്നതിനായി മിക്ക പഞ്ചായത്തുകളും മഴക്കുഴികൾ നിർമ്മിച്ചിട്ടുണ്ട്.

(സി) ഗ്രാമപഞ്ചായത്തുകളിൽ നിലവിലുള്ള കുളങ്ങൾ, തോടുകൾ, ഉറവകൾ, പൊതുകിണറുകൾ തുടങ്ങിയവ മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി മുഖേന വൃത്തിയാക്കി നിലനിർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടുതൽ മഴവെള്ളം ഭൂമിക്കടിയിൽ താഴ്ന്നിറങ്ങാൻ വരമ്പുകൾ (ബണ്ടുകൾ) നിർമ്മിക്കുകയും തോടുകൾ, കുളങ്ങൾ എന്നിവ ആഴം കൂട്ടുകയും ചെയ്തിട്ടുണ്ട്. ചില ഗ്രാമപഞ്ചായത്തുകളിൽ തടയണകൾ നിർമ്മിച്ചിട്ടുണ്ട്. സ്വാഭാവിക ജലസംഭരണ സംവിധാനങ്ങളായ കുളങ്ങൾ, വയലുകൾ, പൊതുകിണറുകൾ എന്നിവ നിലനിർത്തുന്നതിനായി സമയബന്ധിതമായി അവയുടെ അറ്റകുറ്റപണികൾ നടത്തുന്നുണ്ട്.

മാലിന്യ നിർമ്മാർജ്ജന പദ്ധതി

27 (*147) ശ്രീ. ബാബു എം. പാലിശ്ശേരി :
ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം പ്രഖ്യാപിച്ച മാലിന്യ നിർമ്മാർജ്ജന പദ്ധതികളിൽ നാളിതുവരെ നടപ്പാക്കാൻ സാധിക്കാത്തവ ഏതെല്ലാമെന്നറിയിക്കാമോ ; പിൻവലിച്ചിട്ടില്ലാത്ത ബജറ്റ് വിഹിതങ്ങൾ എത്ര വീതം ;

(ബി) മാലിന്യ നിർമ്മാർജ്ജന യജ്ഞം പരാജയമാകാനിടയായിട്ടുണ്ടോ; എങ്കിൽ കാരണങ്ങൾ അറിയിക്കുമോ; സർക്കാർ പ്രഖ്യാപിച്ച ഏതൊക്കെ വൻകിട പദ്ധതികൾ പൂർണ്ണ പ്രവൃത്തിപഥത്തിലെത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്; വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യങ്ങൾക്കനുസൃതമായി പദ്ധതികൾ രൂപീകരിച്ച് നടപ്പാക്കാൻ കഴിയാതെ പോയിട്ടുണ്ടോ; എങ്കിൽ പരിശോധിക്കുമോ ;

(ഡി) മാലിന്യ നിർമ്മാർജ്ജന യജ്ഞത്തിന് പൂർണ്ണ ഉത്തരവാദിത്വം ആർക്കാണെന്ന് വിശദമാക്കാമോ ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി):

(എ) മാലിന്യത്തിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് ചാലയിൽ പി.പി.പി. അടിസ്ഥാനത്തിൽ സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ച ആധുനിക ഖരമാലിന്യ സംസ്കരണ പ്ലാന്റ്.

പിൻവലിച്ചിട്ടില്ലാത്ത ബഡ്ജറ്റ് വിഹിതങ്ങൾ ഇല്ല

(ബി) മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനെതിരെ പല സ്ഥലങ്ങളിലും ജനങ്ങൾ ശക്തമായ എതിർപ്പ് നടത്തുന്നതുകാരണം മാലിന്യ നിർമ്മാർജ്ജന യജ്ഞങ്ങൾ പരാജയപ്പെടുന്നുണ്ട്. മാലിന്യങ്ങൾ അവ ഉൽപ്പാദിപ്പിക്കുന്ന സ്ഥലത്തുതന്നെ തരംതിരിച്ച് സംസ്കരിക്കുക എന്ന ലക്ഷ്യം മുൻനിർത്തി സംസ്ഥാനത്തെ എല്ലാ നഗരസഭകളിലും ഉറവിട മാലിന്യ സംസ്കരണ പദ്ധതി വിജയകരമായി നടപ്പിലാക്കിവരുന്നുണ്ട്. പല നഗരസഭകളിലും ഒന്നാംഘട്ട ഉറവിട മാലിന്യ സംസ്കരണ പദ്ധതി വിജയകരമായി പൂർത്തീകരിച്ചതിന്റെ യടിസ്ഥാനത്തിൽ രണ്ടാംഘട്ട പദ്ധതിക്ക് അനുമതിയും സാമ്പത്തിക സഹായവും അനുവദിച്ച് നൽകിയിട്ടുണ്ട്.

(സി) സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യവും ഉയർന്ന തോതിലുള്ള ജലാംശ സാന്നിദ്ധ്യം ഉള്ള മാലിന്യങ്ങളും കണക്കിലെടുക്കുമ്പോൾ ഉറവിട മാലിന്യ സംസ്കരണ പദ്ധതിയാണ് സംസ്ഥാനത്തിന് ഏറ്റവും അനുയോജ്യമായിട്ടുള്ളത് എന്ന് കാണുന്നു. ആയതിന്റെയടിസ്ഥാനത്തിലാണ് ഉറവിട മാലിന്യ സംസ്കരണ പദ്ധതി നടപ്പിലാക്കുന്നതിന് സംസ്ഥാനത്തെ ഏകദേശം എല്ലാ നഗരസഭകൾക്കും സാങ്കേതിക സാമ്പത്തിക സഹായം അനുവദിച്ചുനൽകിയിട്ടുള്ളത്. ആയത് വിജയകരമായി തന്നെ നടപ്പിലാക്കിവരുന്നുണ്ട്. എന്നാൽ കേന്ദ്രീകൃത പ്ലാന്റുകൾക്കെതിരെ പല സ്ഥലങ്ങളിലും എതിർപ്പ് ശക്തമായതിനാൽ ടി പദ്ധതി നടപ്പിലാക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ബുദ്ധിമുട്ട് നേരിടുന്നുണ്ട്.

(ഡി) 2000-ാമാണ്ടിലെ മുനിസിപ്പൽ സോളിഡ് വേസ്റ്റ് (മാനേജ്മെന്റ് & ഹാൻഡിലിംഗ്) റൂൾസ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന മാലിന്യത്തിന്റെ ശേഖരണം, പരിവഹണം, സംസ്കരണം

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എന്നിവ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അനിവാര്യ ചുമതലയാണ്. എന്നാൽ മാലിന്യ നിർമ്മാർജ്ജനം എന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെക്കൊണ്ട് മാത്രം പരിഹരിക്കാവുന്ന ഒന്നല്ല. ആയത് ഓരോ പൗരന്റെയും അനിവാര്യ ചുമതലയാണ്. വീടുകളിലും വ്യവസായ സ്ഥാപനങ്ങളിലും ഉൽപ്പാദിപ്പിക്കപ്പെടുന്ന മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കേണ്ട ഉത്തരവാദിത്തം ആയത് ഉൽപ്പാദിപ്പിക്കുന്നവർക്കുണ്ട്. എങ്കിൽ മാത്രമേ മാലിന്യ സംസ്കരണം എന്ന പ്രവൃത്തി വിജയകരമായി മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കുകയുള്ളൂ.

മാലിന്യ നിർമ്മാർജ്ജന പദ്ധതി

28 (*148) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. കെ. എം. ഷാജി :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യ നിർമ്മാർജ്ജന പദ്ധതികൾക്കായി നഗരസഭകൾക്ക് കഴിഞ്ഞ അഞ്ചുവർഷക്കാലം നല്കിയ തുകയുടെ വിനിയോഗം സംബന്ധിച്ച് ഏതെങ്കിലും ഏജൻസി അവലോകനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ടോ; അവ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ ;

(സി) റിപ്പോർട്ടുകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മാലിന്യ നിർമ്മാർജ്ജന പദ്ധതികൾക്കായി തുക വിനിയോഗിച്ചതിലെ അപാകതകൾ പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്തുമോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി):

(എ) മാലിന്യ നിർമ്മാർജ്ജന പദ്ധതികൾക്കായി നഗരസഭകൾക്ക് കഴിഞ്ഞ അഞ്ചുവർഷക്കാലം നൽകിയ തുകയുടെ വിനിയോഗം സംബന്ധിച്ച് സംസ്ഥാന ശുചിത്വമിഷനും ജില്ലാ ശുചിത്വമിഷനുകളും അവലോകനം നടത്തിവരുന്നുണ്ട്.

(ബി) ഇതുസംബന്ധിച്ച റിപ്പോർട്ടുകൾ വിവിധ നഗരസഭകൾ ലഭ്യമാക്കിയിട്ടുണ്ട്. ആയവ പരിശോധിച്ചിട്ടുണ്ട്. നഗരസഭകളിലെ മാലിന്യ സംസ്കരണത്തിലേയ്ക്കായി പത്തനംതിട്ട ഒഴികെയുള്ള എല്ലാ നഗരസഭകളിലും ഉറവിട മാലിന്യ സംസ്കരണ പദ്ധതി നടപ്പിലാക്കുന്നതിനും കൂടാതെ പൊതു മാലിന്യ